(ബി) പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള തടസ്സമെന്തെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തി പൂർണ്ണമായ തോതിൽ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ഞാറയ്ക്കൽ മുതൽ കഴുപ്പിള്ളി വരെയുള്ള 2nd റീച്ച് റോഡിന്റെ നിർമ്മാണം ആരംഭിച്ചിരുന്നു. എന്നാൽ, പരിസരവാസികളുടെ എതിർപ്പിനെത്തുടർന്ന് നിർമ്മാണം തടസ്സപ്പെട്ടിരിക്കുന്നു. കൂടാതെ, കടലിൽനിന്നും സംരക്ഷണ ഭിത്തി നിർമ്മിക്കാനുള്ളതിനാൽ 3-4 മീറ്റർ വിട്ട് മാത്രമേ റോഡ് നിർമ്മാണം നടത്തുവാൻ പാടുള്ളൂ എന്ന് ഇറിഗേഷൻ വകുപ്പ് അറിയിച്ചിരിക്കുന്നു. ഇപ്രകാരം സ്ഥലം വിടുമ്പോൾ റോഡിന് 2-3 മീറ്റർ വീതിയേ ലഭ്യമാകുകയുള്ളൂ. കൂടുതൽ വീതിയിൽ റോഡ് നിർമ്മിക്കണമെങ്കിൽ സ്ഥലം ഉടമകളിൽനിന്നും ഏറ്റെടുക്കേണ്ടിവരുന്ന സാഹചര്യമാണ്. മേൽ പ്രസ്താവിത പ്രശ്നങ്ങൾ പരിഹരിച്ചു കഴിഞ്ഞാൽ മാത്രമേ പദ്ധതി പൂർണ്ണമായും നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

ന്യൂനപക്ഷക്ഷേമ വകുപ്പിലെ നിയമനങ്ങൾ

134 (4169) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷക്ഷേമ നിയമനങ്ങൾ ഇപ്പോൾ നടത്തുന്നത് എന്ത് വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ;

(ബി) നിലവിൽ വകുപ്പിൽ സേവനമനുഷ്ഠിക്കുന്നവരിൽ സ്വകാര്യ എയ്ഡഡ് കോളേജുകളിൽ നിന്നുള്ളവർ ഉണ്ടോ ; ഇങ്ങനെ നിയമനം നൽകുന്നത് KS&SSR ചട്ടങ്ങൾക്കനുസൃതമാണോ ;

(സി) ഇത്തരക്കാരുടെ നിയമനങ്ങൾ, ഡയറക്ടറേറ്റുൾപ്പെടെ, റെഗുലറൈസ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇത് ചട്ടങ്ങൾക്ക് വിരുദ്ധമാണെന്ന കാര്യം അറിയുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഡെപ്യൂട്ടേഷൻ/കരാർ/ദിവസവേതന അടിസ്ഥാനത്തിലാണ് നിയമനങ്ങൾ നടത്തിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. മന്ത്രിസഭയുടെ അംഗീകാരത്തോടെ സ്വകാര്യ എയ്ഡഡ് കോളേജിൽ നിന്നുള്ളയാളെ ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ ഡയറക്ടർ ആയി നിയമിച്ചിട്ടുണ്ട്.

(ഡി) ന്യൂനപക്ഷക്ഷേമവകുപ്പ് ഡയറക്ടറെ റെഗുലറൈസ് ചെയ്യുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

കൈപ്പാട് കൃഷി

135 (4170) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൈപ്പാട് കൃഷി എത്ര ഏക്കർ സ്ഥലത്ത് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ :

(ബി) കണ്ണൂർ കാസർഗോഡ് ജില്ലകളിലെ തീരദേശങ്ങളിൽ പ്രസ്തുത കൃഷി വ്യാപിപ്പിക്കുന്നതിന് വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി ആകെ 957 ഏക്കറിൽ കൈപ്പാട്കൃഷി നടത്തുന്നുണ്ട്.

(ബി) കൈപ്പാട് പ്രദേശത്തെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനായി കെ.എൽ.ഡി.സി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കെ.എൽ.ഡി.സി. വിവിധ പഞ്ചായത്തുകളിലെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾക്കായുള്ള എസ്റ്റിമേറ്റ് എടുത്തുവരുന്നുണ്ട്.

കണ്ണൂർ ജില്ലയിൽ കൃഷി ഓഫീസർ തസ്തിക

136 (4171) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് മുതലായ തസ്തികകൾ അനുവദിക്കാത്ത എത്ര കൃഷിഭവനുകൾ നിലവിലുണ്ടെന്നും, അവ ഏതൊക്കെയാണെന്നും അറിയിക്കാമോ ;

(ബി) പ്രസ്തുത കൃഷി ഭവനുകളിൽ ഈ തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly